# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **07-12-2022 - ൽ മറുപടിയ്ക്ക്**

**ശബരിമല മണ്ഡലകാല മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ മണ്ഡലകാലത്ത് ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതവും അപകടരഹിതവുമായ തീർത്ഥാടനം ഉറപ്പാക്കുന്നതിന് വേണ്ടി ദേവസ്വം ബോർഡും സർക്കാരും നടത്തിയ മുന്നൊരുക്കങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു.<br><br>ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെയും അവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (ബി) | മണ്ഡല-മകരവിളക്ക് കാലഘട്ടത്തിൽ ശബരിമല ശുചിത്വ പൂർണമായി സംരക്ഷിക്കുന്നതിനും മികച്ച മാലിന്യസംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിനും തടസ്സരഹിതമായ കുടിവെള്ളവിതരണം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു.<br><br>ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെയും അവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | ശബരിമല സന്നിധാനത്തെയും പമ്പയിലെയും തിരക്ക് നിയന്ത്രിക്കുന്നതിനും ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെയും അവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (ഡി) | ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് സുരക്ഷിതമായി വിരിവെയ്ക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിനും മുൻ വർഷത്തേക്കാൾ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും അന്യസംസ്ഥാന തീർഥാടകരെ സഹായിക്കാൻ വിവിധ ഭാഷകളിൽ പരിജ്ഞാനമുള്ളവരെ നിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) | കോവിഡിന് ശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് സർക്കാരും ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും ക്രമീകരണങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു.<br><br>ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് എന്നിവയുടെ നിയന്ത്രണത്തിലുള്ള ഇടത്താവളങ്ങളുടെയും അവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

- ശബരിമലയിൽ എത്തുന്ന ഭക്തർക്ക് സുഗമമായ ദർശനം ലഭ്യമാക്കുന്നതിലേയ്ക്കും, ആയതനുസരിച്ചുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുന്നതിലേയ്ക്കും ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകരുടെ പ്രവേശനം വെർച്വൽ ക്യൂ വഴി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഓൺലൈനായി ബുക്ക് ചെയ്യുവാൻ സാധിക്കാതെ വരുന്ന ഭക്തർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം അനുവദിച്ച് നൽകുന്നതിലേയ്ക്ക് വിവിധ ജില്ലകളിലെ 12 പ്രധാന ക്ഷേത്രങ്ങൾക്ക് സമീപം സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സൗജന്യമായി പ്രവർത്തിപ്പിച്ച് വരുന്നുണ്ട്.
- തീർത്ഥാടനത്തോടനുബന്ധിച്ച് Manpower Management, Traffic Management, Security Arrangements എന്നിവയ്ക്കായി ഒരു പ്രത്യേക Bandobust Plan തയ്യാറാക്കിയിട്ടുള്ളതാണ്. അതോടൊപ്പം ക്രമസമാധാന പാലനം ഉറപ്പാക്കുന്നതിലേക്കായി 13,000 പൊലീസുകാരെ ആറ് ബാച്ചുകളാക്കി തിരിച്ച് നിയോഗിച്ചിട്ടുള്ളതുമാണ്.
- അടിയന്തിരഘട്ട ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ 24X7 അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്. അതോടൊപ്പം തന്നെ തീർത്ഥാടന പാതകളിലെ അപകടാവസ്ഥ പരിശോധിക്കുന്നതിന് സുരക്ഷാ യാത്രയും ഹസാർഡ് മാപ്പിംഗും ദുരന്ത നിവാരണ വകുപ്പ് നടത്തിയിട്ടുള്ളതാണ്.
- പരമ്പരാഗത കാനനപാതകൾ വനം വകുപ്പ് തീർത്ഥാടനത്തിനായി സജ്ജമാക്കിയിട്ടുള്ളതാണ്. അതോടൊപ്പം തന്നെ വനപാതകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ഇക്കോ ഗാർഡുകളെ നിയോഗിച്ചിട്ടുള്ളതും, പ്രത്യേക കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുള്ളതും, വന്യജീവി സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് വിവിധ സ്ഥലങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.
- തീർത്ഥാടകരുടെ തിരക്ക് കണക്കിലെടുത്ത് ശബരിമലയിലേക്ക് സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.റ്റി.സി സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതും, നിലയ്ക്കൽ–പമ്പ അധിക ചെയിൻ സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതുമാണ്.

- തീർത്ഥാടകരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായുള്ള എല്ലാവിധ നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും സുസജ്ജമാക്കിയിട്ടുള്ളതും, ആവശ്യാനുസരണം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും ജീവനക്കാരെയും നിയോഗിച്ചിട്ടുള്ളതും, ആംബുലൻസുകളും മരുന്നുകളും ക്രമീകരിച്ചിട്ടുള്ളതുമാണ്. തീർത്ഥാടന പാതകളിൽ തീർത്ഥാടകർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനായി 19 അടിയന്തിരഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം തന്നെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
- തീർത്ഥാടകർക്ക് കുടിവെള്ള സൗകര്യം ഉറപ്പാക്കുന്നതിലേക്കായി ആവശ്യാനുസരണം ടാപ്പുകളും കിയോസ്കുകളും വാട്ടർ അതോറിറ്റി സജ്ജമാക്കിയിട്ടുള്ളതും, ആർ.ഒ പ്ലാന്റുകൾ സജ്ജമാക്കിയിട്ടുള്ളതുമാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ടാങ്കർ ലോറി വഴി ശുദ്ധജലം ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
- സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലും ഇടതടവില്ലാതെയുള്ള വൈദ്യുതിവിതരണത്തിനുള്ള നടപടികൾ കെ.എസ്.ഇ.ബി ക്രമീകരിച്ചിട്ടുള്ളതാണ്. അതോടൊപ്പം തന്നെ പമ്പയിൽ ഇലക്ട്രിക്ക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളതുമാണ്.
- തീർത്ഥാടകരുടെ സുരക്ഷാർത്ഥം സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ആവശ്യാനുസരണം അഗ്നിശമനസേന ജീവനക്കാരെയും സ്കൂബാ ടീമിനെയും നിയോഗിച്ചിട്ടുള്ളതാണ്.
- വ്യാജമദ്യത്തിന്റെയും നിരോധിത ലഹരിവസ്തുക്കളുടെയും വില്പനയും ഉപയോഗവും തടയുന്നതിലേക്കായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതും സ്ക്വാഡുകളെ നിയോഗിച്ചിട്ടുള്ളതുമാണ്.
- തീർത്ഥാടന കാലയളവിൽ ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തിയ വിലവിവരപട്ടിക തീർത്ഥാടകർക്ക് കാണത്തക്കവിധം വിവിധ ഭാഷകളിൽ എല്ലാ ഭക്ഷണ ശാലകളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും അമിതഭക്ഷണ വില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുള്ളതാണ്.

- ഭക്ഷണസാധനങ്ങളുടെ അളവും തൂക്കവും പരിശോധിക്കുന്നതിലേക്കായി ലീഗൽ മെട്രോളജി വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുള്ളതാണ്.
- ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ സ്ഥലങ്ങളിലും പരിശോധന നടത്തുന്നതിന് പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുള്ളതാണ്.
- തീർത്ഥാടക വാഹനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് സേഫ് സോൺ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.
- തെരുവുനായകളുടെയും, കാട്ടുപന്നികളുടെയും, കുരങ്ങന്മാരുടെയും ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതാണ്.
- സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിലെ Electrical Installations ന്റെ സുരക്ഷ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധിച്ച് ഉറപ്പാക്കിയിട്ടുള്ളതാണ്.
- തീർത്ഥാടകരുടെ തിരക്ക് കണക്കിലെടുത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ അധിക ശൗചാലയങ്ങൾ ക്രമീകരിച്ചിട്ടുള്ളതാണ്. അവയിൽ സന്നിധാനത്തും, നിലയ്ക്കലും ഉള്ളവ ഭക്തർക്ക് സൗജന്യമായി ഉപയോഗിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്.
- ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ഡ്യൂട്ടിയ്ക്ക് എത്തുന്ന ഉദ്യോഗസ്ഥർക്ക് താമസം, ഭക്ഷണം പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരുക്കിയിട്ടുള്ളതാണ്.
- ഭക്തർക്കായി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ, കൊച്ചിൻ ഇന്റെർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇൻഫർമേഷൻ കൗണ്ടറുകൾ ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പ്രത്യേകം ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.
- തീർത്ഥാടകർക്കായി സന്നിധാനത്ത് വിപുലമായി വിരിവയ്ക്കുന്നതിനുള്ള സൗകര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളതാണ്.

- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വിവിധ ജില്ലകളിലായി 50 ഓളം ഇടത്താവളങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ടി ഇടത്താവളങ്ങളിൽ ശൗചാലയം, കുടിവെള്ളം, അന്നദാനം, പാർക്കിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കാലേകൂട്ടി ഏർപ്പെടുത്തിയിട്ടുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് കൂടാതെ മറ്റ് ദേവസ്വം ബോർഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇടത്താവളങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിലെ പുല്ലുമേട്, ഉപ്പുപാറ സ്റ്റേഷൻ, കോഴിക്കാനം, വള്ളക്കടവ്, കുമളി, സത്രം, പരുന്തുംപാറ, പാഞ്ചാലിമേട്, മുക്കുഴി എന്നിവിടങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ കുടിവെള്ളം, ആരോഗ്യ സേവനങ്ങൾ, വെളിച്ചം തുടങ്ങിയ ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.
- ഇടത്താവളങ്ങളിലുള്ള ജലാശയങ്ങളിലും, പമ്പ നദിക്കരയിലും ഭക്തർക്ക് അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുള്ളതാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഫയർ ഫോഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ അപകട മുന്നറിയിപ്പ് ബോർഡുകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്.
- ഭക്തർക്ക് പമ്പ–സന്നിധാനം പാതയിൽ എന്തെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ സംഭവിച്ചാൽ അവരെ അടിയന്തിരമായി മെച്ചപ്പെട്ട ആശുപത്രിയിൽ എത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും ഓഫ് റോഡ് ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.
- ശബരിമല തീർത്ഥാടകർക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതാണ്.
- പ്രധാന ഇടത്താവളമായ നിലയ്ക്കലിൽ കണ്ടെയ്നർ ടോയ്‌ലറ്റ് ഉൾപ്പെടെ വിപുലമായ ശൗചാലയ സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുള്ളതാണ്.
- ഔഷധ കൂട്ടുകൾ ചേർത്ത ചുക്ക് വെള്ളം കുപ്പിയിൽ നിറച്ച് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.
- ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്തർക്ക് മൂന്ന് നേരവും അന്നദാന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്.
- കാനന പാതയിൽ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിപുലമായ സ്ട്രച്ചർ സർവ്വീസ് ഉൾപ്പെടെയുള്ള വിവിധ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളതാണ്.

- പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണ തോതിൽ ഒഴിവാക്കുന്നതിലേക്ക് ഭക്തർ കൊണ്ട് വരുന്ന പ്ലാസ്റ്റിക്ക് കുപ്പികൾ ശേഖരിച്ച് ആയതിന് പകരം സ്റ്റീൽ പാത്രങ്ങൾ നൽകി വരുന്നു.
- മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം എന്നിവയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 'പവിത്രം ശബരിമല' എന്ന ശുചീകരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നതുമാണ്.
- തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ്, പന്തളം, കുളനട എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി 1000 വിശുദ്ധിസേനാംഗങ്ങളെ ജില്ലാ ഭരണകൂടം തമിഴ്നാട് അയ്യപ്പസേവാസംഘം മുഖേന നിയോഗിച്ചിട്ടുള്ളതാണ്.
- സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും, ജലമലിനീകരണം, വായുമലിനീകരണം, ശബ്ദമലിനീകരണം എന്നിവ പരിശോധിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.
- തീർത്ഥാടകർക്ക് തുണിസഞ്ചികൾ വിതരണം ചെയ്യുന്നതിനായി ചെങ്ങന്നൂർ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശുചിത്വ മിഷൻ കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളതും, ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിതിന്റെ ഭാഗമായി വിവിധ ഭാഷകളിലുള്ള പോക്കറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതുമാണ്.
- സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ടെലഫോൺ കവറേജും, ഇന്റർനെറ്റ് കണക്ഷനും ഉറപ്പാക്കിയിട്ടുള്ളതാണ്.
- മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി ളാഹ, കണമല എന്നിവിടങ്ങളിൽ വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞുനിർത്തി തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക്ക് സഞ്ചികൾ ശേഖരിച്ച് പകരം തുണി സഞ്ചികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിക്കുന്നതാണ്.

അനുബന്ധം –II

**The List of Sabarimala Edathavalams(Midway Shelters) and facilities provided for Sabarimala pilgrims therein**

**TRAVANCORE DEVASWOM BOARD**

| Sl No. | Edathavalams(Midway Shelters) | Facilities provided for Sabarimala Pilgrims |
|---|---|---|
| | **Kottarakkara Devaswom** | |
| 1. | P.D. Manikanteswaram Devaswom, Kottarakkara, Kollam Dist. | Annadanam, Viri, Drinking Water |
| 2. | Vettikavala Devaswom, Kollam Dist. | Toilet, Viri |
| 3. | Pattazhi Devaswom(new one), Pattazhi, Kollam Dist. | Toilet, Drinking Water |
| | **Punalur Group** | |
| 4. | Puthiyidom Devaswom, Pathanamthitta Dist. | Toilet, Drinking Water , Viri, |
| 5. | Thrikkodesom Devaswom, Pathanamthitta Dist. | Toilet, Drinking Water , viri, |
| 6. | Aaryankavu Devaswom, Aaryankavu, Kollam Dist. | Toilet, Drinking Water , viri, |
| 7. | Achankovil Devaswom, Achankovil, Alappuzha Dist. | Toilet, Drinking Water , viri, |
| 8. | Kulathupuzha Devaswom, Kulathoopuzha, Alappuzha Dist. | Toilet, Drinking Water , viri. |
| 9. | Thrikkodeswara Devaswom | Toilet, Drinking Water , viri. |
| 10. | Kannangara Devaswom, Pathanamthitta Dist. | Toilet, Drinking Water , viri. |
| | **Karunagappally Group** | |
| 11. | Sasthamkotta Devaswom, Sasthamcotta, Kollam Dist. | Toilet, Drinking Water , viri. |

| | | |
|---|---|---|
| 12. | Padayanarkulangara Devaswom, Karunagappally, Kollam Dist. | |
| | **Ambalappuzha Group** | |
| 13. | Ambalappuzha Devaswom, Ambalapuzha, Alapuzha Dist. | Toilet, Drinking Water , viri. |
| 14. | Thakazhy Devaswom, Alappuzha Dist. | Toilet, Drinking Water , viri. |
| 15. | Mullackal Devaswom, Alappuzha Dist. | |
| 16. | Chali Narayanapuram Devaswom, Ambalappuzha, Alappuzha Dist. | |
| | **Harippad Group** | |
| 17. | Harippad Devaswom, Alappuzha Dist. | Annadanam, Toilet, Drinking Water , viri |
| 18. | Pathirakulangara, Alappuzha Dist. | Toilet, Drinking Water , viri. |
| | **Aranmula Group** | |
| 19. | Chengannoor Devaswom, Chenganoor, Alappuzha Dist. | Annadanam, Toilet, Drinking Water , viri. |
| 20 | Omallur Devaswom, Omallur, Pathanamthitta Dist. | |
| 21 | Panthalam Valiyakoyikkal Devaswom, Pandalam, Pathanamthitta Dist. | Annadanam |
| 22 | Ranni-Perunadu Devaswom, Pathanamthitta Dist. | |
| 23 | Vadasserikkara Devaswom, Pathanamthitta Dist. | |
| 24 | Ayirur Puthiyakavu Devaswom, Pathanamthitta Dist. | |
| 25 | Vettoor Aayiravally Devaswom, Pathanamthitta Dist. | |
| 26 | Prayar Devaswom, Pathanamthitta Dist. | |

| | | |
|---|---|---|
| 27 | Muringamangalam Devaswom, Konni, Pathanamthitta Dist. | |
| 28 | Odamon Devaswom, Pathanamthitta Dist. | |
| | **Kottayam Group** | |
| 29 | Thirunakkara Devaswom, Kottayam Dist. | Toilet, Drinking Water , viri,Annadanam |
| 30 | Thaliyil Devaswom, Kottayam Dist. | |
| | **Ettumanoor Group** | |
| 31 | Ettumanoor Devaswom, Ettumanoor, Kottayam Dist. | Toilet, Drinking Water , viri. |
| 32 | Kaduthuruthy Devaswom, Kottayam Dist. | Annadanam Toilet, Drinking Water |
| 33 | Vellappattu Devaswom, Kottayam Dist. | |
| 34 | Keezhthadiyoor Devaswom, Kottayam Dist. | |
| | **Vaikkom Group** | |
| 35 | Vaikkom Devaswom, Vaikom, Kottayam Dist. | Toilet, Drinking Water , viri, Annadnam |
| 36 | Udayamperoor Devaswom, Kottayam Dist. | |
| 37 | Thuravoor Devaswom, Ernakulam Dist. | |
| | **Thrikkaariyoor Group** | |
| 38 | Keezhillam Devaswom, Ernakulam Dist. | Toilet, Drinking Water , viri, Annadnam |
| 39 | Arakkula Devaswom, Ernakulam Dist. | Toilet, Drinking Water , viri. |
| | **Paravoor Group** | |
| 40 | Aluva Mahadeva Kshethram, Aluva, Ernakulam Dist. | Toilet, Drinking Water , |

| | | |
|---|---|---|
| | | viri,Annadnam |
| 41 | Kothakulangara Devaswom, Ernakulam Dist. | Toilet, Drinking Water , viri,Annadnam |
| 42 | Kannankulangara Devaswom,Ernakulam Dist. | Toilet, Drinking Water , viri |
| 43 | Aluva Sreekrishna Swami Kshethram, Aluva, Ernakulam Dist. | |
| | **Mundakkayam Group** | |
| 44 | Erumeli Chirakkadavu Devaswom, Erumeli, Kottayam Dist. | Toilet, Drinking Water , viri, |
| 45 | Chirakkadavu Devaswom, Mundakkayam, Kottayam Dist. | Toilet, Drinking Water , viri, |
| 46 | Peerumedu Devaswom, Idukki Dist. | Toilet, Drinking Water , viri, |
| 47 | Vandipperiyar Sathram, Idukki Dist. | Toilet, Drinking Water , viri |
| 48 | Chenappadi Devaswom, Kottayam Dist. | |
| 49 | Kodungoor Devaswom, Kottayam Dist. | |
| | **Ullur Group** | |
| 50 | O.T.C Hanuman Swami Kshethram, Thiruvananthapuram Dist. | Toilet, Drinking Water , viri |
| | **Neyyattinkara Group** | |
| 51 | Kottaram Devaswom, Neyyattinkara, Thiruvananthapuram Dist. | Toilet, Drinking Water , viri, |
| 52 | Parassala Devaswom, Thiruvananthapuram Dist. | |

**COCHIN DEVASWOM BOARD**

| Sl No. | Edathavalams(Midway Shelters) | Facilities provided for Sabarimala Pilgrims |
|---|---|---|
| 1. | Mudikkode Temple, Thrissur Dist. | Toilet, Drinking Water , viri, Annadanam |
| 2. | Chirangara Temple, Thrissur Dist. | Toilet, Drinking Water , viri, Annadanam |
| 3. | Chottanikkara Temple, Ernakulam Dist. | Toilet, Drinking Water , viri, Annadanam |
| 4. | Kodungalloor Temple, Thrissur Dist. | Toilet, Drinking Water , viri, Annadanam |
| 5. | Sree Vadakkunnathan Temple, Thrissur Dist. | Toilet, Drinking Water , viri, Annadanam |
| 6. | Kurumalikkavu, Thrissur Dist. | Toilet, Drinking Water , viri, Annadanam |
| 7. | Thiruvanchikulam, Kodungalloor, thrissur Dist. | Toilet, Drinking Water , viri, Annadanam |

**MALABAR DEVASWOM BOARD**

| Sl No. | Edathavalams(Midway Shelters) | Facilities provided for Sabarimala Pilgrims |
|---|---|---|
| 1. | Sree Mallikarjuna Temple, Kasargode Dist. | Toilet, Drinking Water , viri, Annadanam |
| 2. | Sree Chandragiri Sastha & Thrikkannadu Temple, Hosdurgu, Kasargod Dist. | Toilet, Drinking Water , viri, Annadanam |
| 3. | Thiruvangadu Sreeramaswamy Temple, Thalassery, | Toilet, Drinking Water , viri, |

| | | |
|---|---|---|
| | Kannur Dist. | Annadanam |
| 4. | Edakkadu Mahavishnu Temple, Thalaserry, Kannur Dist. | Toilet, Drinking Water , viri, Annadanam |
| 5. | Sree Maniyangottappan Temple, Wayanadu Dist. | Toilet, Drinking Water , viri, Annadanam |
| 6. | Sree Pisharikkavu Bhagavathi Temple, Kollam, Koyilandi, Kozhikode Dist. | Toilet, Drinking Water , viri, Annadanam |
| 7. | Sree Kaadambuzha bhagavathy Temple, Thirur, Malappuram Dist. | Toilet, Drinking Water , viri, Annadanam |
| 8. | Sree Thirumandhamkunnu Bhagavathy Temple, Angadippuram, Malappuram Dist. | Toilet, Drinking Water , viri, Annadanam |
| 9 | Sree Chamravattom Ayyappa Temple, Thirur, Malappuram Dist. | Toilet, Drinking Water , viri, Annadanam |
| 10 | Sree Guruvayurappan Temple, Pattambi, Palakkad Dist. | Toilet, Drinking Water , viri, Annadanam |
| 11. | Sree Kurumba Bhagavathy Temple, Puthussery, Palakkad Dist. | Toilet, Drinking Water , viri, Annadanam |
| 12. | Sree Thrithelloor Siva Temple, Chavakkad, Thrissur Dist. | Toilet, Drinking Water , viri, Annadanam |